# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കിഴുവിലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.12/123/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴുവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23,

(1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.12/123/2026

തീയ്യതി: 09/02/2026

## തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2026 | 16-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2026 | 16-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മനോജ് കുമാർ ടി.ജോർജ്,ഓഡിറ്റ് ഓഫീസർ
ശ്രീ.സജേഷ് എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കിരൺ എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിജോ ജെ.നായർ,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജിത ആർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ലെനിൻ എൽ | സെക്രട്ടറി | 01-04-2024 | 06-01-2025 |
| ശ്രീ. ഷാനികുമാർ | സെക്രട്ടറി | 07-01-2025 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹാറൂൺ ഐ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ശാന്തിനി ജയദേവൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 22-07-2024 |
| ഡോ. വന്ദന സി ജി | സീനിയർ വെറ്ററിനറി സർജൻ | 23-07-2024 | 31-03-2025 |
| ഡോ. പത്മപ്രസാദ് പി എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. തങ്ക ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. രമ എസ് | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2024 | 28-12-2024 |
| ഡോ. അജിത ഐ റ്റി | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 29-12-2024 | 31-03-2025 |
| ശ്രീമതി വിൻസ വി | വി.ഇ.ഒ. 1 | 01-04-2024 | 31-03-2025 |
| ശ്രീമതി ആതിര എം | വി.ഇ.ഒ. 2 | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീജാകുമാരി എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ശ്രീമതി രുഗമിണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-08-2024 | 31-03-2025 |
| ശ്രീമതി രമ്യ എൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീരേഖ ബി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീബ എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീജ എസ് നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഇൻവെസ്റ്റ്മന്റ് ശീർഷകത്തിലെ ക്യാരി ഓവർ ചെയ്ത തുക ക്രമീകരിക്കേണ്ടതാണ് | 1-1-5 |
| 7 | സി.എഫ്.സി ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക (ബി4) പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും(ബി17) പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Prior Period Items കണക്കാക്കുന്നതിലെ പിഴവ് മൂലം Gross Surplus തെറ്റായി പ്രതിഫലിച്ചു | 1-1-7 |
| 9 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകകൾ അതത് ഹെഡിൽ ഉൾപ്പെടുത്തുന്നില്ല | 1-1-8 |
| 10 | അഡ്വാൻസ് ശീർകത്തിലെ മുൻകൂർ വരവ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | ILGMS ൽ ഉൾപ്പെട്ട അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിക്കുന്നില്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയെ സാധൂകരിക്കുന്ന രീതിയിൽ വരവ് - ചെലവ് സംക്ഷിപ്തം ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-12 |

| | | |
|---|---|---|
| 14 | പെൻഷന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | കാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം അപാകങ്ങൾ | 1-8 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9-1 |
| 24 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | വാണിജ്യ കെട്ടിടങ്ങളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചു | 1-11-1 |
| 27 | ഒരേ ഉടമയുടെ രണ്ട് വീടുകൾക്ക് വസ്തുനികുതി ഇളവ് നൽകി | 1-11-2 |
| 28 | 60 ച.മീ ന് മുകളിൽ തറ വിസ്തീർണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-3 |
| 29 | വിമുക്ത ഭടന്മാർക്കുള്ള വസ്തു നികുതി ഇളവ് – രജിസ്റ്റർ പരിപാലനത്തിലെ അപാകം | 1-11-4 |
| 30 | വസ്തു നികുതി - അപാകങ്ങൾ | 1-11 |
| 31 | പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-1 |
| 32 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 33 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 1-12 |

| | | |
|---|---|---|
| 34 | ക്രമവൽക്കരണ ഫയലുകളുടെ പരിശോധന - കോംപൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 4,571/- രൂപയുടെ നഷ്ടം | 1-13-1 |
| 35 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 2,000/- രൂപയുടെ നഷ്ടം | 1-13 |
| 36 | മൂലധനനിക്ഷേപം രേഖപ്പെടുത്താത്ത അപൂർണമായ അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചു - ലൈസൻസ് ഫീസ് നിർണയിച്ചതിൽ അപാകം | 1-14 |
| 37 | GEM മുഖേന അല്ലാതെ വാങ്ങൽ നടത്തി - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-15 |
| 38 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പ്രോജക്ട് - സപ്ലയറിൽ നിന്ന് ജി.എസ്.റ്റി. ടി.ഡി.എസ്. ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്കിയില്ല | 1-16 |
| 39 | ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 8,200/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 1-17 |
| 40 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു ചെലവ് തുക 3,650/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 1-18 |
| 41 | യോഗ മിനട്ട്സ് പൂർത്തീകരിക്കുന്നതിൽ കാല താമസം | 1-19 |
| 42 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല | 1-20 |
| 43 | രാസ വളം വിതരണം - അധിക തുക നൽകി - 26,072/- രൂപ തടസപ്പെടുത്തുന്നു | 1-21 |
| 44 | നൈനാംകോണം OHSR വിപുലീകരണ പദ്ധതി – ചെലവുവിവരങ്ങളിലും എസ്റ്റിമേറ്റ് ഭേദഗതിയിലും വ്യക്തതയില്ല - ചെലവ് തുക 1,75,62,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. | 1-22 |

| | | |
|---|---|---|
| 45 | തെരുവ് വിളക്ക് വാർഷിക മെയിന്റനൻസ് പദ്ധതി – ടെൻഡർ നടപടികളിലും രജിസ്റ്റർ പരിപാലനത്തിലും വീഴ്ച - ചെലവ് തുകയായ 8,98,227/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 46 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 1,59,151/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 47 | ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് മാർഗ രേഖയ്ക്ക് വിരുദ്ധം | 1-25 |
| 48 | ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാതെ തുടരുന്നു | 1-26 |
| 49 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-27 |
| 50 | ജലജീവൻ മിഷൻ അവലോകനം | 1-28 |
| **ഭാഗം 2** | | |
| 1 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 2,000/- രൂപയുടെ നഷ്ടം | 2-1 |
| 2 | ക്രമവൽക്കരണഫയലുകളുടെ പരിശോധന - കോംപൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 4,571/- രൂപയുടെ നഷ്ടം | 2-2 |
| 3 | പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് 2,500/- രൂപയുടെ നഷ്ടം | 2-3 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് റിക്കവറി | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 5/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 25.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, ചട്ടം 62-2(F) പ്രകാരമുള്ള നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐൽജിഎംഎസ് സോഫ്റ്റ്വെയറിൽ അനുപാതങ്ങളും അക്കൗണ്ട്സ് കുറിപ്പും രേഖപ്പെടുത്താനുള്ള സംവിധാനമില്ലാത്തതിനാലാണ് അപാകം സംഭവിച്ചതെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026ന് മറുപടി ലഭ്യമാക്കി. തുടർന്നുള്ള വർഷങ്ങളിൽ ചട്ടപ്രകാരമുള്ള രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ തനത് ഫണ്ട് വരവ്-ചെലവ് ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐൽജിഎംഎസ് സോഫ്റ്റ്വെയറിൽ ബി1 ഷെഡ്യൂൾ

ലഭ്യമല്ലാത്തതിനാലാണ് പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടാത്തതെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026 ന് മറുപടി ലഭ്യമാക്കി. തുടർന്നുള്ള വർഷങ്ങളിൽ ചട്ടപ്രകാരമുള്ള രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2024-25 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42401543/31.03.2025 |
| 110100102 | Property Tax On Non Residential Buildings | 42401546/31.03.2025 |
| 110200105 | Profession Tax - Traders | 42401536/31.03.2025 |

പ്രസ്തുത വരവ് ഹെഡുകളുമായി ഡിമാന്റ് ജേണൽ എൻട്രി അപ്ഡേറ്റായി വരാത്തതിനാലാണ് അപാകം സംഭവിച്ചതെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026ന് മറുപടി ലഭ്യമാക്കി. തുടർന്നുള്ള വർഷങ്ങളിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി ഓരോ ഇനത്തിലും പ്രതിമാസം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രികയിലെ ബി14 ശീർഷകം പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് തുകയായി 24,980/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക 2020-21 സാമ്പത്തിക വർഷം മുതലുള്ള നീക്കിയിരിപ്പാണ്. ഐഎൽജിഎംഎസിൽ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിനുള്ള ഇൻവെന്ററി സിസ്റ്റം അപ്ഡേറ്റാകാത്തതിനാലാണ് ഇപ്രകാരം അപാകം ഉണ്ടായതെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026 ന് മറുപടി ലഭ്യമാക്കി. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത അപാകം പരിഹരിച്ച് സ്റ്റോക്ക് ഉൻ ഹാൻഡ് തുക ധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-5 ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിലെ ക്യാരി ഓവർ ചെയ്ത തുക ക്രമീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക ബി12 ശീർഷകം പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ (ഹെഡ്കോഡ്-420800199) 10,000/- രൂപ നിലനിൽക്കുന്നുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 06/08.01.2026). 2020/21 സാമ്പത്തിക വർഷത്തിൽ ലോക്കൽ സാംഖ്യയിൽ നിന്നും ഐഎൽജിഎംഎസിലേക്ക് ക്യാരി ഓവർ ചെയ്ത തുകയാണിതെന്നും ടി തുക രേഖപ്പെടുത്തുന്നതിന് ഹെഡുകളൊന്നും ലഭ്യമല്ലാത്തതിനാലാണ് ഇൻവെസ്റ്റ്മെന്റ് ഹെഡിൽ തുടരുന്നതെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത തുകയുടെ സ്വഭാവം കമ്മിറ്റി തീരുമാനപ്രകാരം സ്ഥിരീകരിച്ച് അനുയോജ്യമായ അക്കൗണ്ട് ശീർഷകത്തിലേക്ക് ക്രമീകരിക്കുകയോ അക്കൗണ്ടുകളിൽ നിന്നും ഒഴിവാക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-6 സി.എഫ്.സി ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക (ബി4) പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും(ബി17) പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക (ബി4 ഷെഡ്യൂൾ) പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും(ബി17) പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | 2024-25 ബാലൻസ് ഷീറ്റ് (B-4 ഷെഡ്യൂൾ) പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം (B-17 ഷെഡ്യൂൾ) |
|---|---|---|
| CFC | 1,48,05,508/- (Tied + BTG) | 1,20,84,900/- |

2017 മുതൽ 2021 വരെയുള്ള വർഷങ്ങളിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത തുകകൾ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുന്നതിനാലാണ് ഇപ്രകാരം പൊരുത്തക്കേടുകൾ സംഭവിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി നം. 08/06.01.2026ന് മറുപടി ലഭ്യമാക്കി.വിനിയോഗ സർട്ടിഫിക്കറ്റുകൾ സമാഹരിച്ച് ഫണ്ട് ശീർഷകങ്ങളിലെ നീക്കിയിരിപ്പുകൾ തമ്മിലുള്ള പൊരുത്തക്കേട് പരിഹരിച്ച് അക്കൗണ്ടുകൾ ക്രമീകരിക്കേണ്ടതാണ്.

## 1-1-7 Prior Period Items കണക്കാക്കുന്നതിലെ പിഴവ് മൂലം Gross Surplus തെറ്റായി പ്രതിഫലിച്ചു

Income & Expenditure Statement Abstract Report ൽ Gross Surplus/(Deficit)Of Income Over Expenditure After Prior Period Items എന്നത് കണക്കാക്കിയതിൽ Prior Period Income And Expenditure തുകകളുടെ Net Difference ആയി (-)49,010/- രൂപ എന്നതിന് പകരം (+)49,010/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ Gross Surplus Of Income Over Expenditure തുകയിൽ 98,020/- രൂപ അധികമായി രേഖപ്പെടുത്തിയിരിക്കുന്നു. സിസ്റ്റം ജനറേറ്റ് ചെയ്യുന്ന സ്റ്റേറ്റ്മെന്റായതിനാലാണ് അപാകം ഉണ്ടാകുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 08/06.01.2026ന് മറുപടി ലഭ്യമാക്കി. സോഫ്റ്റ്‌വെയറിന്റെ തകരാർ പരിഹരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-8 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകകൾ അതത് ഹെഡിൽ ഉൾപ്പെടുത്തുന്നില്ല

Development Fund, Finance Commission Grant, Maintenanace Grant തുടങ്ങിയ ഓരോ ഫണ്ടുകളുടെയും Capital Contribution രേഖപ്പെടുത്തുന്നതിന് ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഹെഡുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ള അതത് ഹെഡുകളിൽ Capital Contribution തുക പൂർണമായും രേഖപ്പെടുത്താതെ ഹെഡ് കോഡ് 312109901 - Capital Contribution എന്ന പൊതുവായ ഹെഡിൽ മേൽ ഫണ്ടുകളുടെ തുക രേഖപ്പെടുത്തുന്നു. മുൻവർഷങ്ങളിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ പൊതുവായ ഹെഡിൽ രേഖപ്പെടുത്തി വന്നതിനാലാണ് അക്കൗണ്ടിംഗ് കൺസിസ്റ്റൻസി പ്രിൻസിപ്പൾ പ്രകാരം തുടർന്നും ഇതേ ഹെഡിൽ രേഖപ്പെടുത്തിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 08/06.01.2025ന് മറുപടി ലഭ്യമാക്കി. എന്നാൽ അനുവദിച്ചിട്ടുള്ള പ്രത്യേക ഹെഡുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പൊതുവായ ഹെഡിൽ തുകകൾ രേഖപ്പെടുത്തുന്നത് അക്കൗണ്ടിംഗ് ചട്ടങ്ങളോടും റിപ്പോർട്ടിംഗ് വ്യക്തതയോടും പൊരുത്തപ്പെടുന്നതല്ല. അതിനാൽ ഓരോ ഫണ്ടുമായി ബന്ധപ്പെട്ട Capital Contribution തുകകൾ ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിലെ അതത് അനുവദിച്ചിട്ടുള്ള ഹെഡുകളിൽ തന്നെ ശരിയായ രീതിയിൽ രേഖപ്പെടുത്തി, തുടർന്നുള്ള വാർഷിക ധനകാര്യ പത്രികകളിൽ ഫണ്ട്-വൈസ് വ്യക്തത ഉറപ്പുവരുത്തേണ്ടതാണ്.

## 1-1-9 അഡ്വാൻസ് ശീർകത്തിലെ മുൻകൂർ വരവ് തുകകൾ ക്രമീകരിച്ചിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവിധ മുൻകൂർ വരവ് തുകകൾ 2024-25 വർഷം അതത് ഹെഡുകളിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക (₹) |
|---|---|---|
| 350410399 | Advance Collection Of Revenues – Other Fee | 276/- |

പ്രസ്തുത തുകകൾ അതത് ഹെഡിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 08/06.01.2026ന് മറുപടി ലഭ്യമാക്കി. തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-10 ILGMS ൽ ഉൾപ്പെട്ട അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ILGMS ൽ ഉൾപ്പെട്ട അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല- ഉൾപ്പെടാത്ത അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|---|
| CANARA BANK | *ലഭ്യമല്ല | 0 |
| CANARA BANK | 110042601803 | 0 |

നിലവിൽ ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളാണിതെന്നും ആയതിനാലാണ് പ്രസ്തുത

അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്തതെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം. 08/06.01.2026). എന്നാൽ നീക്കിയിരിപ്പ് ശൂന്യമായിരുന്നാലും, ഐൽജിഎംഎസിൽ നിലനിൽക്കുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി പൂർണതയും സുതാര്യതയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-1-11 രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിക്കുന്നില്ല

സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ യഥാസമയം ക്രമീകരിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്താനാകുന്നില്ല. നിലവിൽ ഈ രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ലെന്നും കാലികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം. 08/06.01.2026). അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-1-12 രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയെ സാധൂകരിക്കുന്ന രീതിയിൽ വരവ് - ചെലവ് സംക്ഷിപ്തം ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല

ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്റ്റർ, റെന്റ് രജിസ്റ്റർ എന്നിവയിൽ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 08/06.01.2025 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് പ്രസ്തുത രജിസ്റ്ററുകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-1-13 പെൻഷന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

സാമൂഹ്യക്ഷേമ പെൻഷന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയിലെ I6 ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ,

| ഇനം | എ.എഫ്.എസ് പ്രകാരമുള്ള ചെലവ് തുക | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| National Old Age Pension Scheme | 5,34,37,200/- | 5,35,03,700/- |
| National Widow Pension Scheme | 2,75,39,800/- | 2,78,90,800/- |
| National Disability Pension Scheme | 65,69,800/- | 65,71,600/- |

ശരിയായ രേഖകൾ ഓഡിറ്റിന് മുൻപാകെ സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026ന് മറുപടി ലഭ്യമാക്കി. രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-1-14 വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകങ്ങൾ

2023-24 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2024-25 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല. ഇവയുടെ വിശദാംശങ്ങൾ സഹിതം കാരണങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കോഡ് | ഇനം | 2023-24 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200115 | Recoveries Payable- Dues To Other Local Government Instituitions | 4,000/- |
| 2 | 350409901 | Refund Payable- Others | 2,14,453/- |
| 3 | 350300108 | Government And Other Dues Payable- Royalty | 1,015/- |

പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 06/08.01.2026ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 12.02.2024 | 12.03.2025 |
| ഭരണസമിതി തീരുമാനം | 1/1 | 1/1 |
| മുന്നിരിപ്പ് | ₹1,98,45,444/- | ₹4,42,54,001/- |
| പ്രതീക്ഷിത വരവ് | ₹55,36,09,556/- | ₹53,14,74,382/- |
| ആകെ | ₹57,34,55,000/- | ₹57,57,28,383/- |
| പ്രതീക്ഷിത ചെലവ് | ₹56,84,63,000/- | ₹54,56,47,826/- |
| നീക്കിയിരിപ്പ് | ₹49,92,000/- | ₹3,00,80,557/- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5,00,75,993/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹11,56,26,287/- |
| ആകെ | ₹16,57,02,280/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹13,34,83,228/- |
| നീക്കിയിരിപ്പ് | ₹3,22,19,052/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,60,79,092 | 1,60,79,092 | 1,91,14,452 | (30,35,360) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,28,77,550 | 1,28,77,550 | 1,21,42,172 | 7,35,378 |
| വികസനഫണ്ട് (CFC Tied) | 0 | 90,47,672 | 90,47,672 | 61,39,705 | 29,07,967 |
| വികസനഫണ്ട് (CFC Untied) | 0 | 32,93,962 | 32,93,962 | 26,19,905 | 6,74,057 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 1,27,96,000 | 1,27,96,000 | 1,13,44,447 | 14,51,553 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,20,34,000 | 1,20,34,000 | 88,94,182 | 31,39,818 |
| CSS | 0 | 0 | 0 | 17,25,409 | (17,25,409) |
| SSS | 0 | 0 | 0 | 40,05,000 | (40,05,000) |

<u>ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ</u>

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) സി.എഫ്.സി ഗ്രാന്റ് 2023-24 ലെ നീക്കിയിരിപ്പ് തുക തൻവർഷം ഓപ്പണിംഗ് ബാലൻസായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ എന്നിവ വരവിൽ ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.
ഒന്ന് മുതൽ മൂന്ന് വരെയുള്ള അപാകങ്ങൾ സോഫ്റ്റ്‌വെയറിന്റെ അപാകം മൂലം ഉണ്ടായതാണെന്ന് മറുപടി ലഭ്യമാക്കി.

4) 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-4 ഷെഡ്യൂളിൽ താഴെപ്പറയുന്ന തുകകൾ അവശേഷിക്കുന്നു. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ നൽകുന്നു.

| ഹെഡ്കോഡ് | ഇനം | തുക (₹) |
|---|---|---|
| 320100162 | Sarva Siksha Abhiyaan | 12,40,000 |
| 320200101 | Development Fund-General-Capital | 2,12,251 |
| 320200205 | Fund For Transferred Instituitions-Social Justice-Capital | 12,000 |
| 320300103 | Grants, Funds And Contributions For Specific Purposes-Other Government Agencies-TSC | 35,925 |
| 320300199 | Grants, Funds And Contributions For Specific Purposes-Other Govt. Agencies | 11,79,015 |
| 320400199 | Grants, Funds And Contributions For Specific Purposes-Other Financial Instituitions | 11,450 |
| 320700101 | Contributions For Joint Venture Projects-From Municipalities(Capital Expenditure) | 4,15,130 |
| 320700105 | Contributions For Joint Venture Projects-From District Panchayaths(Capital Expenditure) | 7,05,000 |
| 320700204 | Contributions For Joint Venture Projects-From Block Panchayaths(Revenue Expenditure) | 27,80,173 |
| 320700205 | Contributions For Joint Venture Projects-From District Panchayaths(Revenue Expenditure) | 8,37,720 |
| 320700404 | Contributions For Jother Specific Purposes-From Block Panchayaths(Revenue Expenditure) | 4,40,142 |

ബി4 ശീർഷകത്തിൽ അവശേഷിക്കുന്ന തുകകൾ പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന തുകകൾ പദ്ധതിയിലുൾപ്പെടുത്തി ചെലവഴിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(അവലംബം – ഓഡിറ്റ് എൻക്വയറി നം. 12/13.01.2026)

## 1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (₹) (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 83,55,069 | 61,50,695 | 73.62 |
| വെറ്റിനറി സർജൻ | 12 | 12 | 0 | 28,51,724 | 26,04,582 | 91.33 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 13 | 9 | 4 | 68,09,087 | 55,16,604 | 81.02 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 0 | 5,27,951 | 5,27,951 | 100 |
| മെഡിക്കൽ ഓഫീസർ | 3 | 3 | 0 | 14,00,000 | 13,70,166 | 97.87 |

| | | | | | | |
|---|---|---|---|---|---|---|
| (ആയുർവേദം) | | | | | | |
| വി.ഇ.ഒ/ലേഡി വി.ഇ.ഒ | 12 | 9 | 3 | 1,03,60,239 | 40,48,920 | 39.08 |
| ഐസിഡിഎസ് സൂപ്പർവൈസർ | 18 | 15 | 3 | 82,17,038 | 65,20,525 | 79.35 |
| സെക്രട്ടറി | 39 | 21 | 18 | 1,14,65,807 | 75,33,256 | 65.70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 74 | 46 | 6,80,05,893 | 3,32,57,873 | 48.90 |
| എച്ച്.എം. | 17 | 16 | 1 | 51,63,918 | 48,69,671 | 94.30 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 11 | 2 | 2,87,70,000 | 97,60,000 | 33.92 |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 0 | 31,84,376 | 31,84,376 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 10 | 4 | 37,56,248 | 26,74,265 | 71.19 |
| ആകെ | 285 | 203 | 82 | 15,88,67,350 | 8,80,18,884 | 55.40 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 2,16,78,817 | 1,91,14,452 | 88.17 |
| എസ്.സി.പി. | 1,62,32,000 | 1,21,42,172 | 74.80 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 1,75,43,348 | 87,59,610 | 49.93 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,10,73,870 | 17,25,409 | 15.58 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,16,35,000 | 40,05,000 | 34.42 |
| തനത് ഫണ്ട് | 3,17,66,014 | 1,48,27,350 | 46.68 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 74,27,862 | 39,54,529 | 53.24 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 54,87,266 | 17,60,733 | 32.09 |
| മെയിന്റനൻസ് റോഡ് | 1,39,09,458 | 88,94,182 | 63.94 |
| മെയിന്റനൻസ് നോൺ റോഡ് | 1,50,53,357 | 1,13,44,447 | 75.36 |
| മറ്റുള്ളവ | 4,90,57,831 | 3,08,53,621 | 62.89 |

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 2023 ഡിസംബർ, 2024 ജനുവരി എന്നീ മാസങ്ങളിലാണ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നത് സംബന്ധിച്ചും പദ്ധതികൾ മോണിറ്റർ ചെയ്യുന്നത് സംബന്ധിച്ചുമുള്ള അപാകങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയവ പരിഹരിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് കാലികമാക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി മാർഗരേഖ പ്രകാരം പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

മാർഗ്ഗരേഖ 3.5.6.3 (എ) (i) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപെടുത്തേണ്ടതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

<u>Corporate Social Responsibility Fund</u>

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) 2024-25 സാമ്പത്തിക വർഷം ലഭ്യമായിട്ടില്ല.

(അവലംബം – ഓഡിറ്റ് അന്വേഷണം നം. 11/13.01.2026)

## 1-6 ക്ഷേമപദ്ധതികൾ

2024-25ലെ ക്ഷേമപെൻഷൻ വിതരണത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 5,35,03,700 | 3501 |
| കർഷക തൊഴിലാളി പെൻഷൻ | 22,37,400 | 121 |
| വിധവപെൻഷൻ | 2,78,90,800 | 1798 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,21,200 | 30 |
| വികലാംഗ പെൻഷൻ | 65,71,600 | 417 |
| വിവാഹ ധനസഹായം | 1,80,000 | 6 |
| തൊഴിൽ രഹിത വേതനം | 1,440 | 2 |

## 1-7 കാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2026 തീയതിയിൽ 11.15 AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,131/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം അപാകങ്ങൾ

കിഴവിലം ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു

<u>വാഹനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല</u>

1) 30-06-2007ലെ സ.ഉ (എം.എസ്) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I) റിപ്പയർ രജിസ്റ്റർ

(Ii) സ്റ്റോക്ക് രജിസ്റ്റർ

(Iii) ഫ്യുവൽ രജിസ്റ്റർ

(IV) ഇന്ധനങ്ങളുടെ ഓർഡർ ബുക്ക്

2) 31-03-2006ലെ സ.ഉ. (പി)നമ്പർ-161/2006/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്കും സൂക്ഷിച്ചതായി കാണുന്നില്ല.

3) മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

<u>ഓഫീസ് യോഗങ്ങൾ</u>

പ്രതിമാസ ഓഫീസ് യോഗങ്ങളുടെ മിനട്ട്സ് പരിശോധിച്ച 7-9-2024,29-11-2024,12-12-2024,22-01-2025,7-3-2025 എന്നീ തീയ്യതികളിലാണ് കാര്യാലയ യോഗങ്ങൾ ചേർന്നിട്ടുള്ളത്. എല്ലാ മാസങ്ങളിലും ഓഫീസ് യോഗങ്ങൾ ചേരുകയും കാര്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നത് ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകരമാണ് എന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ച് കാലികമാക്കിയിട്ടില്ല</u>

പഞ്ചായത്തിലെ അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ മുൻ വർഷത്തെ നീക്കിയിരിപ്പുകൾ കാരി ഓവർ ചെയ്ത് പൂർത്തീകരിച്ച് കാലികമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## <u>1-9-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2024-25 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം നടപ്പിലാക്കിയ പ്രവർത്തികൾ, സൃഷ്ടിക്കാൻ കഴിഞ്ഞ മനുഷ്യദിനങ്ങൾ എന്നിവ ചുവടെ ചേർത്തിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നം.25/14.01.2026 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തയ്യാറാക്കിയത്).

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ |
|---|---|---|---|---|---|
| മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | 134 | 193890 | 117 | 83.5 | 123835 |
| കിണർ നിർമ്മാണം | 145 | 11165 | 08 | 5.5 | 154 |
| കിണർ റീചാർജ്ജ് | 200 | 1400 | 03 | 1.5 | 06 |
| റിട്രോഫിറ്റിംഗ് | 100 | 800 | 0 | 0 | 0 |
| ഭവന പദ്ധതി | 60 | 5400 | 26 | 43.3 | 2340 |
| കോഴിക്കൂട് നിർമ്മാണം | 135 | 14244 | 09 | 6.6 | 209 |
| ആട്ടിൻകൂട് നിർമ്മാണം | 95 | 12411 | 08 | 8.4 | 200 |
| ആകെ | 2852 | 342317 | 225 | 7.9 | 135347 |
| കന്നുകാലി തൊഴുത്ത് | 93 | 14533 | 02 | 2.1 | 109 |
| കമ്പോസ്റ്റ് പിറ്റ് | 600 | 13800 | 03 | 0.5 | 30 |
| സോക്കേജ് പിറ്റ് | 1000 | 12000 | 25 | 2.5 | 120 |
| ബയോഗ്യാസ് നിർമ്മാണം | 100 | 6000 | 0 | 0 | 0 |
| അസോളാടാങ്ക് നിർമ്മാണം | 37 | 370 | 02 | 5.4 | 07 |
| നടപ്പാത നിർമ്മാണം | 46 | 15615 | 0 | 0 | 0 |
| മിനി എം.സി.എഫ് | 20 | 1340 | 0 | 0 | 0 |
| മറ്റ് നിർമ്മാണ പ്രവൃത്തികൾ | 87 | 39349 | 22 | 48.2 | 8337 |

അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തികൾ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 21,86,818 | 21,86,818 | 21,86,818 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,27,48,216 | 5,27,48,216 | 5,27,48,216 | 0 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-08-2020 | 9/2020 മുതൽ 12/2020 വരെ | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-12-2016 | 2011-12 മുതൽ 2015-16 വരെ | 25-08-2017 |

## 1-11-1 വാണിജ്യ കെട്ടിടങ്ങളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന വാണിജ്യ ആവശ്യത്തിനുള്ള ചില കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ, 100 ച. മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച. മീ.) | വാർഷികമായി ഈടാക്കി വരുന്ന നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|
| 7/145 | ശ്രീജിത്ത് സി. എ. | 168 | 1,502/- രൂപ |

2) 200 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന 200 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ, 200 ച. മീറ്റർ വരെ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച. മീ.) | വാർഷികമായി ഈടാക്കി വരുന്ന നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|
| 7/52 | നസീമ അബ്ദുൽ നാസർ | 214 | 11,149/- രൂപ |

ഓഡിറ്റ് എൻക്വയറി നം. 18/14.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട കെട്ടിടങ്ങളുടെ വിസ്തീർണ്ണം ശരിയായ കാറ്റഗറിയിൽ ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണയം നടത്തുകയും, കുറവായി ഈടാക്കിയ നികുതി നിയമാനുസൃതമായി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 ഒരേ ഉടമയുടെ രണ്ട് വീടുകൾക്ക് വസ്തുനികുതി ഇളവ് നൽകി

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പതിനേഴാം വാർഡ് പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ നമ്പർ (17 ആം വാർഡ്) |
|---|---|---|
| 1 | ബാലൻ, വടക്കന്റവിളാകം, കുന്തള്ളൂർ, ചിറയിൻകീഴ് | 203 |
| | | 204 |

പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി ഇളവ് പുനഃപരിശോധിച്ച് അർഹതയില്ലാത്ത ഇളവുകൾ റദ്ദാക്കി, കുറവായി ഈടാക്കിയ വസ്തുനികുതി നിയമാനുസൃതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരികരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (എൻക്വയറി നം. 21/14.01.2026).

## 1-11-3 60 ച.മീ ന് മുകളിൽ തറ വിസ്തീർണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യമായ ഒട്ടേറെ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പതിനേഴാം വാർഡിന്റെ മാത്രം പരിശോധനയിൽ കണ്ടെത്തിയ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്യാത്ത കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചുവടെ നൽകുന്നു.

| വാർഡ് | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഫ്ലോർ ഏരിയ (ച. മീ.) |
|---|---|---|---|
| 1 | 17/228 | സത്യഭാമ | 70 |
| 2 | 17/260 | സുലോചന | 84 |
| 3 | 17/276 | ഡി. ശിവദാസൻ | 77 |
| 4 | 17/324 | ഗോപു സുകുമാരൻ | 100 |
| 5 | 17/561 | രുദ്രാഹരി | 64 |

പ്രസ്തുത അപാകത്തിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം. 024/14.01.2026). അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ മറ്റ് വാർഡുകളിലും ഇപ്രകാരം നികുതി നിർണ്ണയിക്കപ്പെടാത്ത കെട്ടിടങ്ങൾ ഉണ്ടോ എന്ന കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-4 വിമുക്ത ഭടന്മാർക്കുള്ള വസ്തു നികുതി ഇളവ് – രജിസ്റ്റർ പരിപാലനത്തിലെ അപാകം

സ.ഉ.(കൈ) നം.140/2023/LSGD തീയതി 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക്, വസ്തു നികുതിയുടെ ഇളവ് ലഭിക്കുന്നതിനായി അഞ്ച് വർഷത്തിലൊരിക്കൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ കെട്ടിടം, പിന്നീട് കൈമാറ്റം ചെയ്യപ്പെടുകയോ സ്വന്തം താമസ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയോ, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം രണ്ടിരട്ടി പിഴയോടുകൂടി (അറിയിക്കുന്ന സമയം വരെ) നികുതി ഈടാക്കാമെന്നുള്ള വ്യവസ്ഥകളും ഉൾപ്പെട്ട ഒരു സത്യവാങ്മൂലവും ലൈഫ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും സ.ഉ(കൈ)നം.106/17/തസ്വഭവ തീ. 26.05.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം പരിപാലിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 20/14.01.2026). പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12-1 പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ് 27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുകയും, ആയത് രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ആർ. വി. ഹോസ്പിറ്റൽ പുളിമൂട് എന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ ചുവടെ നൽകുന്നു.

| പേര് | അർദ്ധ വാർഷിക വരുമാനം (രൂ.) | അടയ്ക്കേണ്ട തുക (രൂ.) | അടച്ച തുക (രൂ.) | വ്യത്യാസം (രൂ.) |
|---|---|---|---|---|
| ജിഷ കെ. എസ്. | 65,496 | 750 | 600 | 150 |
| മഞ്ജു എം. എസ്. | 65,496 | 750 | 600 | 150 |
| നീതു | 65,496 | 750 | 600 | 150 |
| ഗ്രീഷ്മ | 65,496 | 750 | 600 | 150 |
| രാഖി ബി. | 65,490 | 750 | 600 | 150 |
| അംബിക | 59,496 | 750 | 450 | 300 |
| സീത | 59,496 | 750 | 450 | 300 |
| രാജേശ്വരി | 59,496 | 750 | 450 | 300 |
| സിന്ധു എച്ച്. | 59,496 | 750 | 450 | 300 |
| ഉമ | 59,496 | 750 | 450 | 300 |
| രാജലക്ഷ്മി | 59,496 | 750 | 450 | 300 |
| ആകെ അടവാക്കാനുള്ള തുക | | | | 2,500/- |

അടവാക്കാനുള്ള തുക പിഴപ്പലിശ സഹിതം 2025-26 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയോടൊപ്പം വാങ്ങുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 29/16.01.2026 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത തുക പലിശ അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 23/14.01.2026). തുടർവർഷങ്ങളിൽ കരാറുകാരുടെ ലിസ്റ്റ് വാങ്ങി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ചട്ടങ്ങൾ പ്രകാരം അർഹമായ തൊഴിൽനികുതി കണക്കാക്കി ഈടാക്കി പഞ്ചായത്തിന്റെ വരുമാനത്തിലേക്ക് കൊണ്ടുവരേണ്ടതും, ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ശ്രേയാ മോട്ടോഴ്സ് | I, II |
| 2 | ന്യൂ രാജസ്ഥാൻ മാർബിൾസ് | I, II |

പരാമർശിത സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽനികുതി നിയമാനുസൃതം പലിശ സഹിതം ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 28/16.01.2026ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-13-1 ക്രമവൽക്കരണ ഫയലുകളുടെ പരിശോധന - കോംപൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 4,571/- രൂപയുടെ നഷ്ടം

താഴെ പറയുന്ന ബിൽഡിംഗ് റഗുലറൈസേഷൻ ഫയൽ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ - 400217/BRRL01/General/2024/6010

| അപേക്ഷകന്റെ പേര്,<br>കെട്ടിടത്തിന്റെ വിനിയോഗഗണം<br>കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കേണ്ടിയിരുന്ന<br>കോംപൗണ്ടിംഗ് ഫീസ് (പെർമിറ്റ് ഫീസിന്റെ ഇരട്ടി ) | ഈടാക്കിയ ഫീസ്, രസീത് നമ്പർ | കുറവ് |
|---|---|---|---|
| ഹരിദാസൻ<br>വിനിയോഗഗണം - ഗാർഹികം<br>നിലവിലുള്ള വിസ്തീർണം -97.86$m^2$<br>ക്രമവൽക്കരിക്കേണ്ട അധികവിസ്തീർണം -91.43$m^2$ | 91.43$m^2$ @ 100/$M^2$ = 9,143/-<br>(കെട്ടിടത്തിന് 150 $M^2$ ന് മുകളിൽ വിസ്തീർണം ഉള്ളതിനാൽ പെർമിറ്റ് ഫീസ് 50 രൂപ/ $M^2$ ആണ്) | ₹4,572/-<br>1240102278/10.12.2024 | ₹4571/- |

കോംപൌണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് 16.1.2025ലെ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. കോംപൗണ്ടിംഗ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-13 ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 2,000/- രൂപയുടെ നഷ്ടം

താഴെ പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ : 400217/BRLO1/General/2025/1471

അപേക്ഷ തീയതി : 15.3.2025

| അപേക്ഷകന്റെ പേര്,<br>കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കേണ്ടിയിരുന്ന അപേക്ഷ ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| നസീർ.എം.ആർ.<br>1386.10 $M^2$ | ₹2,000/- | (ആപ്ലിക്കേഷൻ ഫീസ്<br>ലെഡ്ജറിൽ വരവ് വന്നിട്ടില്ല. രസീത് പകർപ്പ് ഫയലിലും ലഭ്യമല്ല.) | ₹2,000/- |

അപേക്ഷാ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് 9.1.2025ലെ 2-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി

പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

## 1-14 മൂലധനനിക്ഷേപം രേഖപ്പെടുത്താത്ത അപൂർണമായ അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചു - ലൈസൻസ് ഫീസ് നിർണയിച്ചതിൽ അപാകം

പഞ്ചായത്തിലെ 2024-25ലെ IFTE&OS ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അനുവദിച്ച ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷയിൽ മൂലധനനിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | രസീത് നമ്പർ/തീയതി |
|---|---|---|
| സുരേഷ് ഏജൻസീസ് | 4,000/- | 124010028/5.4.2024 |
| IBRI ഫ്യുവൽസ് | 4,000/- | 1240100221/17.4.2024 |
| ദേവാമൃതം ഫ്യുവൽസ് | 4,000/- | 1240600048/2.5.2024 |

മൂലധനനിക്ഷേപം അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത് എന്നിരിക്കെ മേൽപ്പറഞ്ഞ അപേക്ഷകളിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ 8.1.2025ലെ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് മുൻവർഷം നൽകിയ ലൈസൻസ്, അപേക്ഷകൻ നൽകിയ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകിയതാണ് എന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഈടാക്കിയ ലൈസൻസ് ഫീസ് ആണ് ഈ വർഷവും ഈടാക്കിയത് എന്നും അറിയിച്ചു. മൂലധനനിക്ഷേപം രേഖപ്പെടുത്താത്ത അപൂർണമായ അപേക്ഷയിൽ ലൈസൻസ് അനുവദിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓരോ വർഷവും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ പൂർണമായ അപേക്ഷയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് ഫീസ് നിർണയിച്ച് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 1-15 GEM മുഖേന അല്ലാതെ വാങ്ങൽ നടത്തി - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 112/2025 – അങ്കണവാടികൾക്ക് സൗകര്യം ഒരുക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| അടങ്കൽ | ₹12,45,000/- |
| ചെലവ് | ₹11,33,998/- |
| ബിൽ നം. | 620/22.03.2025 |

ജി.ഒ.(പി)നം. 7/19/എസ്.പി.ഡി. തീയതി 26.4.2019 ഉത്തരവ് പ്രകാരം 25,000/- രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങൾ നിർബന്ധമായും Gem മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ ടി പ്രോജക്ടിൽ Gem പോർട്ടൽ മുഖേനയല്ലാതെ മാനുവൽ ടെണ്ടർ മുഖേന സപ്ലയറെ തെരഞ്ഞെടുത്ത് വാങ്ങൽ നടത്തിയിട്ടുണ്ട്.

| സമാഹരിച്ച സാധനം | ഫണ്ട്, ബിൽ നമ്പർ / തീയതി, | തുക (₹) | വിതരണക്കാരന്റെ പേര് |
|---|---|---|---|
| പ്രഷർ കുക്കർ, മിക്സി, മേശ, പാത്രങ്ങൾ, കളിക്കോപ്പുകൾ എന്നിവ വാങ്ങി. | മെയിന്റനൻസ് ഫണ്ട് - റോഡിതരം 620/22.3.2025 | 11,33,998/- | ആർട്ട്കോ ലിമിറ്റഡ്, ആലപ്പുഴ |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച് 13.1.2026ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രം വാങ്ങലുകൾ നടത്തുന്നതാണ് എന്ന് അറിയിച്ചു. വാങ്ങൽ രീതി സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-16 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പ്രോജക്ട് - സപ്ലയറിൽ നിന്ന് ജി.എസ്.റ്റി. ടി.ഡി.എസ്. ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 222/2025 – വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -ജനറൽ |
| | |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| ഫണ്ട് | വികസനഫണ്ട് -ജനറൽ |
| അടങ്കൽ | ₹3,87,328/- |
| ചെലവ് | ₹3,73,088/- |

2017ലെ സി.ജി.എസ്.റ്റി. ആക്ട് വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്.റ്റി. ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.റ്റി. വകുപ്പിൽ ഒടുക്കേണ്ടതുണ്ട്. ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ ടി പ്രോജക്റ്റിൽ കട്ടിൽ സപ്ളൈ ചെയ്ത ഇനത്തിൽവിതരണക്കാരന് ആകെ 373088/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സപ്ളയറിൽ നിന്ന് ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കി ജി.എസ്. റ്റി വകുപ്പിൽ ഒടുക്കിയിട്ടില്ല.

| | |
|---|---|
| ഫണ്ട് | വികസനഫണ്ട് – ജനറൽ |
| സപ്ലയറുടെ പേര് | മുണ്ടിക്കുന്നേൽ ട്രേഡേഴ്സ്, ഇടുക്കി |
| ബിൽ നമ്പർ, തുക | 288/13.12.2024 – ₹2,99,040/-<br>341/26.12.2024 – ₹17,088/-<br>535/10.3.2025 – ₹56,960/- |

ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കാത്തത് സംബന്ധിച്ച് 13.1.2026ൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ സപ്ളയർക്ക് കോംപൗണ്ടഡ് ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളതിനാലാണ് ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കാത്തത് എന്ന് അറിയിച്ചു. ഏത് വിഭാഗത്തിൽ പെടുന്ന സപ്ലയർ (റഗുലർ സ്കീം, കോംപൗണ്ടഡ് / കോംപോസിഷൻ സ്കീം) ആയാലും ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടത് തദ്ദേശ ഭരണസ്ഥാപനത്തിന്റെ നിയമപരമായ ബാധ്യത ആണ്. ആയതിനാൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള വാങ്ങലുകളിൽ നിർബന്ധമായും ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-17 ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക 8,200/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 83/25 |
| പ്രോജക്റ്റിന്റെ പേര് | അതിദാരിദ്ര നിർമ്മാർജ്ജനം – ഭക്ഷണം എത്തിക്കൽ |
| അടങ്കൽ തുക | വികസനഫണ്ട് (പൊതുവിഭാഗം) – 1,48,060/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 2,00,000/-<br>ജില്ലാപഞ്ചായത്ത് വിഹിതം – 1,00,000/-<br>ആകെ – 4,48,060/- |
| ചെലവ് തുക | വികസനഫണ്ട് (പൊതുവിഭാഗം) – 1,48,060/<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 48,510/-<br>ആകെ – 1,96,570/- |
| ബിൽ നം. | 158/06.08.24 – 19,800/-<br>159/06.08.24 – 20,460/-<br>314/16.12.24 – 19,800/-<br>315/16.12.24 – 24,060/-<br>316/16.12.24 – 24,060/-<br>317/16.12.24 – 19,800/- |

| | |
|---|---|
| | 337/20.12.24 – 20,460/-<br>397/22.01.25 – 6,820/-<br>591/22.01.25 – 19,800/-<br>601/25.01.25 – 13,310/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷണം വിതരണം നടത്തിയതിന് 1,96,570/- രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ 1,88,370/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 8,200/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/14.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 8,200/- രൂപയുടെ ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ 8,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ച ചെലവ് തുക 3,650/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 34/25 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിക്കാരായ വൃദ്ധജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി) – ₹3,35,800/- |
| ചെലവ് തുക | വികസനഫണ്ട് (എസ്.സി.പി) – ₹2,92,000/- |
| ബിൽ നം. | 428/03.02.25 – ₹2,92,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

60 വയസ്സിന് മുകളിൽ പ്രായമുള്ള വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 3,650/- രൂപ വിലയുള്ള കട്ടിൽ സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ കട്ടിൽ നൽകിയിരിക്കുന്ന ശ്രീമതി ഓമന ബി, ഓം ശിവ ഹൗസ് കടുവയിൽ എന്ന ഗുണഭോക്താവിന്റെ ആധാർ പ്രകാരം വയസ്സ് 60 വയസ്സിൽ താഴെയാണ് (ജനന തീയതി 01.01.1967) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിനാൽ ചെലവ് തുക 3,650/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 യോഗ മിനട്ട്സ് പൂർത്തീകരിക്കുന്നതിൽ കാല താമസം

കേരള പഞ്ചായത്ത് രാജ് (1995 ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ഉപചട്ടം 9 പ്രകാരം നക്കൽ അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച നൽകേണ്ടതും ഉപചട്ടം 10 പ്രകാരം അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ നടന്ന ഭരണസമിതി യോഗങ്ങളുടെ മിനിട്സുകൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി |
|---|---|---|
| 5-4-2024 | 9-12-2024 | 9-12-2024 |
| 24-4-24 | 3-5-2024 | 3-5-2024 |
| 10-5-2024 | 9-9-2024 | 9-9-2024 |

| | | |
|---|---|---|
| 14-5-24 | 25-5-24 | 27-5-24 |
| 29-6-24 | 13-1-25 | 13-1-25 |

യോഗ മിനട്ട്സുകൾ സമയ ബന്ധിതമായി കാലികമാക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-32) പഞ്ചായത്ത് അറിയിച്ചത്. മിനട്ട്സ് സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112 പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ നിശ്ചിത കാലാവധിയുടെ 25 ശതമാനം സമയവും ആകെ നിശ്ചിത കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാത്ത സമയം കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തികളുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പിഴവ്മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയതിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവർത്തിയുടെ പേര്,നമ്പർ | കോൺട്രാക്ടർ | കോൺട്രാക്ട് തുക | അനുവദിച്ച കാലയളവ് | പൂർത്തീകരിച്ചത് |
|---|---|---|---|---|---|
| 01 | 176/25 കൊച്ചാലുംമൂട് മുരിയക്കോട് റോഡ് പുനരുദ്ധാരണം. | പ്രസാദ്.എസ് | 1416651/- | 31.03.2023 മുതൽ 30.07.2023 വരെ 4 മാസം | 10.09.24 |
| 02 | 202/25 72 ാം നമ്പർ അംഗൻവാടി ചുറ്റമതിൽ നിർമ്മാണം. | റൂബി.എച്ച് | 326975/- | 06.01.2024 മുതൽ 05.07.2024 വരെ 6 മാസം | 15.03.2025 |
| 03 | 248/25 സൊസൈറ്റിമുക്ക് കടുവാക്കരക്കുന്ന് റോഡ് പുനരുദ്ധാരണം | സ്മിജ്ജലാൽ.എസ് | 713761/- | 17.11.2023 മുതൽ 16.05.2024 വരെ 6 മാസം | 27.01.2025 |
| 04 | 212/25 കൊച്ചാലുംമൂട് അംബേദ്ക്കർ ഗ്രാമം റോഡ് റീടാറിംഗ് | രാജേന്ദ്രൻ പിള്ള | 912836/- | 04.02.2023 മുതൽ 03.06.2023 വരെ 4 മാസം | 19.03.2024 |
| 05 | 247/25 മാടൻകാവ് മരിയത്തോട് റോഡ് മെയിന്റനൻസ് | സ്മിജ്ജലാൽ.എസ് | 661474/- | 08.03.2024 മുതൽ 07.09.2024 വരെ 6മാസം | 02.01.2025 |
| 06 | 245/25 കടമ്പാട്ട് കുളവും തോട്ടം നവീകരണം. | | 417618/- | 09.10.2023 മുതൽ 08.04.2024 വരെ 6മാസം | 21.02.2025 |
| 07 | 223/24 മിനി എം.സി.എഫ് | മണിക്കുട്ടൻ.വി | 269488/- | 21.03.2023 മുതൽ 20.07.2023 വരെ 4മാസം | 28.01.2025 |
| 08 | 216/25 തെന്നൂർകോണം അംഗൻവാടി നവീകരണം | ലോഹി.വി.എസ് | 372203/- | 02.03.2023 മുതൽ 01.07.2023വരെ 4മാസം | 19.03.24 |

ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/12.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ തുക ഈടാക്കി രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 രാസ വളം വിതരണം - അധിക തുക നൽകി - 26,072/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 192/25 – കേദാരം സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | ₹15,16,051/-<br>₹2,38,679/- വികസന ഫണ്ട് പൊതു വിഭാഗം<br>₹6,32,802/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹5,62,796/- ജില്ലാ പഞ്ചായത്ത് വിഹിതം<br>₹81,774/- ഗുണഭോക്തൃ വിഹിതം |
| ചെലവഴിച്ച തുക | ₹11,03,127/-<br>₹2,38,679/- വികസന ഫണ്ട് പൊതു വിഭാഗം<br>₹4,26,340/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>3,56,334/- ജില്ലാ പഞ്ചായത്ത് വിഹിതം<br>₹81,774/- ഗുണഭോക്തൃ വിഹിതം |

കിഴുവിലം ഗ്രാമ പഞ്ചായത്തിന്റ പരിധിയിൽ വരുന്ന വലിയേല, വൈദ്യന്റ മുക്ക്, വലിയ ചിറ, മണക്കുന്ന ചിറ, കിഴുവിലം, മുടപുരം, മാമം, മണ്ഡപം എന്നീ പാട ശേഖര സമിതികളിൽ രണ്ടു വിളകളിലായി 127.29 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിക്ക് ആനുകൂല്യം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്റ്റാണ്.

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി പാടശേഖര സമിതികൾക്ക് രാസ വളം വിതരണം ചെയ്യപ്പോൾ ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനെക്കാൾ അധിക തുക അനുവദിച്ചതായി കാണുന്നു.

18-06-2022ലെ പി.എൽ.ജി 1040/2022-23/ഡി.പി.സി/ഡി.പി.ഒ/തിരു/(യൂണിറ്റ് കോസ്റ്റ്) ആയി തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം യൂറിയ കിലോ ഗ്രാമിന് നിരക്ക് 5.9 രൂപ ആയിരുന്നു. എന്നാൽ 8.5 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ, തീയതി, തുക | വളം നൽകിയ സ്ഥാപനം | വാങ്ങിയ യൂറിയ (കിലോ ഗ്രാം) | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1)299/14-12-2024/ 211119<br>2)529/7-3-2025/ 242183<br>(വികസന ഫണ്ട് പൊതു വിഭാഗം) | കിഴുവിലം സർവീസ് സഹകരണ ബാങ്ക് മുടപുരം | ₹10,028 | ₹59,165.20 | ₹85,237.60 | ₹26,072 |

അധികം തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-31) മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത് യൂണിറ്റ് കോസ്റ്റ് കിലോ ഗ്രാമിന് 5.90 എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും വളം ഡിപ്പോകളിൽ ഈ നിരക്കിൽ യൂറിയ ലഭിക്കാറില്ലെന്നും ട്രാൻസ്പോർട്ടേഷൻ, ഇറക്കു കൂലി ഉൾപ്പെടെ കണക്കാക്കിയാണ് കിഴുവിലം സർവീസ് സഹകരണ ബാങ്ക് ഡിപ്പോ വില നിശ്ചയിച്ചിരിക്കുന്നത് എന്നുമാണ്. ഇത് ശരിയായ വിശദീകരണമല്ല. യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. പ്രൊജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 26,072/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കുകയോ, അധിക നിരക്കിൽ നൽകിയ സബ്സിഡിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 നൈനാംകോണം OHSR വിപുലീകരണ പദ്ധതി – ചെലവുവിവരങ്ങളിലും എസ്റ്റിമേറ്റ് ഭേദഗതിയിലും വ്യക്തതയില്ല - ചെലവ് തുക 1,75,62,000/- രൂപ ഓഡിറ്റിൽ

**തടസ്സം ചെയ്യുന്നു.**

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | കിഴുവിലം പഞ്ചായത്തിലെ നൈനാംകോണത്ത് 51 OHSR -ന്റെ വിപുലീകരണവും നിർമ്മാണവും, 230/25 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,75,62,000 |
| ഫണ്ട് | അർബൻ അഗ്ഗലോമെറെഷൻ വിഹിതം (തിരുവനന്തപുരം നഗരസഭ) |
| ചെലവ് | 1,75,62,000 |
| വൗച്ചർ നം. | 22400361/19.09.2024 |
| ചെക്ക് നം. | 460318/10.09.2024 |

കിഴുവിലം ഗ്രാമപഞ്ചായത്തിലെ "നൈനാംകോണത്ത് 51 Over Head Storage Recervoir (OHSR)-ന്റെ വിപുലീകരണവും നിർമ്മാണവും" (പ്രോജക്റ്റ് നം. 230/25) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, അർബൻ അഗ്ഗലോമെറേഷൻ വിഹിതമായി തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ച 1,75,62,000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ SBI (ആറ്റിങ്ങൽ മെയിൻ ബ്രാഞ്ച്) അക്കൗണ്ടിൽ 10.09.2024 തീയതിയിൽ നിക്ഷേപിക്കുകയും, തുടർന്ന് 04.10.2024 ന് കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

പരിശോധനയിൽ, 2022–23 കാലയളവിൽ രൂപീകരിച്ച ഈ പദ്ധതിയുടെ നിലവിലെ പുരോഗതി, പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന വിവരം, ചെലവഴിച്ച തുക സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചത്. എന്നാൽ പരിശോധനാ തീയതി വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

കൂടാതെ, Abstract Estimate-ൽ പദ്ധതിയുടെ ആകെ തുക 3,70,00,000/- രൂപ ആയി രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, ആദ്യഗഡുവായി അനുവദിച്ച തുകയ്ക്ക് ശേഷം അടുത്ത ഗഡുവായി ലഭിക്കേണ്ട തുക 1,94,38,000/- രൂപ ആയിരിക്കെ, 11.09.2025 തീയതിയിൽ തിരുവനന്തപുരം നഗരസഭയ്ക്ക് നൽകിയ IO-250/25 നമ്പർ കത്ത് പ്രകാരം 2,25,00,000/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് വിശദീകരണമായി, നിലവിലുള്ള തുകയ്ക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയില്ലെന്ന കേരള വാട്ടർ അതോറിറ്റി അധികൃതരുടെ നിർദേശാനുസരണം എസ്കലേഷൻ ചാർജ്ജ് ഉൾപ്പെടുത്തി കൂടുതൽ തുക പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി. എന്നാൽ എസ്റ്റിമേറ്റ് പരിഷ്കരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ/ഭേദഗതിയുള്ള എസ്റ്റിമേറ്റ് പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പദ്ധതിയുടെ ചെലവ് തുകയായ 1,75,62,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പദ്ധതിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം, ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, തുടർ ധനവിനിയോഗങ്ങൾ ചട്ടാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്.

(അവലംബം – ഓഡിറ്റ് അന്വേഷണം നം. 14/13.01.2026)

**1-23 തെരുവ് വിളക്ക് വാർഷിക മെയിന്റനൻസ് പദ്ധതി – ടെൻഡർ നടപടികളിലും രജിസ്റ്റർ പരിപാലനത്തിലും വീഴ്ച - ചെലവ് തുകയായ 8,98,227/- രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ, 104/25 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 12,00,000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | 8,98,227/- രൂപ (തനത് ഫണ്ട്) |
| ബിൽ നം. | 584/1703.2025 – 8,98,227/- രൂപ |

കിഴുവിലം ഗ്രാമപഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവ് വിളക്കുകളും ഒരു വർഷകാലയളവിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രസ്തുത പദ്ധതി

ഏറ്റെടുത്തിരിക്കുന്നത്. തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഏജൻസികൾ/ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്നവരെ തെരഞ്ഞെടുത്ത് കരാർ ഏൽപ്പിച്ച് പ്രവർത്തി നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും, 2024–25 സാമ്പത്തിക വർഷത്തിൽ ജെ. എസ്. ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് 1899 ഇലക്ട്രിക് പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിനുള്ള പ്രതിഫലമായി യൂണിറ്റ് ഒന്നിന് 473/- രൂപ നിരക്കിൽ ആകെ 7,86,310/- രൂപ (റിട്ടൻഷൻ തുക, ജിഎസ്ടി എന്നിവ കുറച്ചതിനുശേഷം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചതായി കാണുന്നു.

പദ്ധതി നടപ്പിലാക്കുന്നതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1) പദ്ധതി നടത്തിപ്പിന് ഏജൻസികൾ/സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനായി 06.12.2024 ന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നെങ്കിലും, ടെൻഡർ സമർപ്പിച്ച ഏജൻസികളിൽ ആരും എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവർത്തി ആരംഭിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, 01.02.2025 ലെ ഭരണസമിതി തീരുമാനം 3(9) പ്രകാരം റീ-ടെൻഡർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് ശുപാർശ നൽകിയിരുന്നു. തുടർന്ന് 04.02.2025 ന് ഇ-ടെൻഡർ പരസ്യം നൽകിയതായി കാണുന്നുവെങ്കിലും, വിവിധ ഏജൻസികൾ/ സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ടോയെന്നതോ, സമർപ്പിച്ച ടെൻഡറുകൾ അംഗീകരിച്ചിട്ടുണ്ടോയെന്നതോ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2) സെക്രട്ടറിയുടെ 20.02.2025 തീയതിയിലെ എ1-6504/2024 നമ്പർ കത്ത് പ്രകാരം ജെ. എസ്. ഇലക്ട്രിക്കൽസ് ആന്റ് മാനുഫാക്ചറിംഗ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ ഭരണസമിതി അംഗീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, സകർമ്മ മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും പ്രസ്തുത ടെൻഡർ അംഗീകരിച്ചതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല. ഭരണസമിതി അംഗീകാരം രേഖാപരമായി ലഭ്യമാക്കാതെ പ്രവർത്തി നടപ്പിലാക്കിയ നടപടി ചട്ടവിരുദ്ധമാണ്.

3) പ്രവർത്തി നിർവഹിക്കേണ്ട തെരുവ് വിളക്കുകളെ സംബന്ധിച്ച സമ്പൂർണ്ണ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതരും വാർഡ് മെമ്പർമാരും ചേർന്ന് ശേഖരിച്ച് ക്രോഡീകരിച്ച്, വാർഡ് തിരിച്ച് രജിസ്റ്ററായി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി പുതുക്കേണ്ടതുമാണ്. കൂടാതെ 17.08.2015 ലെ ജി.2/44274/15 നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും, കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം *Register Of Unserviceable Items* എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ നിർബന്ധമായി പരിപാലിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്ററുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 33/16.01.2026) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രജിസ്റ്റർ / രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 8,98,227/- രൂപ തടസ്സപ്പെടുത്തുന്നു. പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 1,59,151/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നം, | പ്രോജക്റ്റിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|
| 1 | പ്രോജക്ട് നം. 13<br>പേര്- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ - ₹3,00,000/- (തനത് ഫണ്ട്)<br>ചെലവ്- ₹1,59,151/- (തനത് ഫണ്ട്)<br>ബിൽ നം. 136/22.07.2024 — 11,564/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| | 233/30.10.2024 — 23,929/-<br>240/04.11.2024 — 14,828/-<br>340/24.12.2024 — 11,150/-<br>425/28.01.2025 — 41,511/-<br>659/30.03.2025 — 56,169/- | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 1,59,151/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് മാർഗ രേഖയ്ക്ക് വിരുദ്ധം

28-05-2022ലെ 115/2022/ത.സ്വ.ഭ.വ നമ്പറായുള്ള സബ്സിഡി മാർഗരേഖയിലെ ഖ-6.3.33 അനുസരിച്ച് ഉരുക്കളെ വാങ്ങിക്കുന്നതിനുള്ള പ്രോജക്ടുകളിൽ ആരുടെ പക്കൽ നിന്നാണോ അവയെ ഗുണഭോക്താവ് വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി തുക നൽകേണ്ടത്. എന്നാൽ താഴെ ചേർക്കുന്ന പ്രൊജക്ടുകളിൽ ഉരുക്കളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയിട്ടുണ്ട്.

1) ആട് വളർത്തൽ (വനിത)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 201/25-ആട് വളർത്തൽ വനിത |
| അടങ്കൽ | ₹10,00,000/-<br>₹5,00,000/- വികസന ഫണ്ട് പൊതു വിഭാഗം<br>₹5,00,000/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് |
| ബിൽ നമ്പർ, ചെലവഴിച്ച തുക | 5,00,000/- വികസന ഫണ്ട് പൊതു വിഭാഗം<br>1) 9/9-5-2024 — 97,500/-<br>2) 11/9-5-2024 — 65,000/-<br>3) 12/9-5-2024 — 97,500/-<br>4) 13/9-5-2024 — 6,500/-<br>5) 14/9-5-2024 — 65,000/-<br>6) 117/16-07-2024 — 45,500/-<br>7) 118/16-07-2024 — 13,000/-<br>8) 119/16-07-2024 — 6,500/-<br>9) 304/16-12-2024 — 26,000/-<br>10) 532/9-3-2025 — 58,500/-<br>11) 581/16-03-2025 — 19,000/- |

50% സബ്ഡിഡി നിരക്കിൽ ആട്ടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച മേൽ പരാമർശിച്ച പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ആട്ടുകളെ വാങ്ങിയ ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേക്ക് സബ്സിഡി തുകകൾ കൈമാറിയിരിക്കുന്നു.

2) വനിതാ സ്വയം തൊഴിൽ പദ്ധതി - പശുക്കളെ വാങ്ങുന്നതിന് സബ്സിഡി (എസ്.സി.പി)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | വനിതാ സ്വയം തൊഴിൽ പദ്ധതി - പശുക്കളെ വാങ്ങുന്നതിന് സബ്സിഡി (സ്പിൽ ഓവർ) |

| | |
|---|---|
| അടങ്കൽ | 1,60,000/- വികസന ഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക<br>ബിൽ നമ്പർ | 1,60,000/-<br>1)54/9-5-2024 – 1,20,000/-<br>2)55/9-5-2024 – 40,000/- |

ടി പദ്ധതി പ്രകാരം പശുക്കളെ വാങ്ങിയ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-10) നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത് അറിവില്ലായ്മ മൂലം സംഭവിച്ച അപാകമാണെന്നാണ്. പദ്ധതി മാർഗ രേഖയിലെ നിർദ്ദേശം പാലിക്കാതിരുന്നത് ഗൗരവകരമായി വീഴ്ചയാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാതെ തുടരുന്നു

കിഴവിലം ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ സർക്കിൾ 2 നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കലുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രൊജക്ടുകളിൽ നിന്ന് ആദ്യ ഗഡു കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) 2023-24ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണ ഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

ഭവന പുനരദ്ധാരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2023-24 വർഷത്തിൽ ആദ്യ ഗഡു കൈപ്പറ്റിയ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന താഴെ ചേർക്കുന്ന ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയ്യതി |
|---|---|---|
| കുമാരി പുതുവൽവിള വീട് | ₹50,000/- | 7-11-2023 |

ഇപ്പോൾ ഗുണഭോക്താവ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-17) മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചത്.

2) വീട് വാസയോഗ്യമാക്കൽ പട്ടിക ജാതി (2024-24) - പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 86/2025 വീട് വാസയോഗ്യമാക്കൽ പട്ടിക ജാതി |
| അടങ്കൽ | ₹55,50,000/- വികസന ഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | ₹24,74,745/- |

താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി കൈപ്പറ്റിയ തുക (₹) | കൈപ്പറ്റിയ തീയ്യതി | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|
| 1 | ബിനു എം. പി. | 75,000/- | 3-2-2025 | 429/3-2-2025 |
| 2 | ശോഭന മനുഭവൻ | 75,000/- | 24-3-25 | 628/24-3-2025 |
| 3 | സുഭാഷിണി, തിട്ടയിൽ വീട് | 75,000/- | 24-3-25 | 629/24-3-2025 |
| 4 | സുദേവി, കാർത്തിക ഭവൻ | 75,000/- | 18-3-25 | 588/18-03-2025 |

ശോഭന, സുഭാഷിണി എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിരുന്നു. എന്നാൽ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ബിനു എം.പി, സുദേവി എന്നിവരുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയാണെന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. ഭവന പുനരുദ്ധാരണം പൂർത്തിയായതിനു ശേഷം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ഹെൽത്ത് ഗ്രാന്റ് - അവലോകനം

GO (Rt) No.2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകളിൽ മൂന്നു സ്കീമുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം

(നിർവഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ) സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ), സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം -മെഡിക്കൽ ഓഫീസർ) ഇവയാണ് മൂന്ന് സ്കീമുകൾ. ഹെൽത്ത് ഗ്രാന്റ് തുകകൾ രണ്ട് അക്കൗണ്ടുകളിലായാണ് വരുന്നത്. 2021-22 മുതൽ സ്കീം 3, സ്കീം 4 എന്നീ ഇനങ്ങളിലാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 03/06-01-26-ന് ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)

| | |
|---|---|
| 2021-22 | 2,88,161/- |
| 2022-23 | 14,91,000/- |
| 2023-24 | 14,46,000/- |
| 2024-25 | 6,28,947/- |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 (₹) | സ്കീം - 3 (₹) | സ്കീം - 4 (₹) | ആകെ (₹) |
|---|---|---|---|---|
| 2021-22 | - | 2,08,000/- | 79,150/- | 2,87,150/- |
| 2022-23 | - | 10,57,000/- | 4,34,000/- | 14,91,000/- |
| 2023-24 | - | 3,58,399/- | 2,70,548/- | 6,28,947/- |
| 2024-25 | - | - | - | - |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ പലിശ ഉൾപ്പെടെ 12,15,335/- രൂപ നീക്കിയിരിപ്പുണ്ട്.

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2021-22 | രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(സ്കീം-3) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ(സ്കീം-4) | ₹2,87,150/- |
| 2022-23 | - | - |
| 2023-24 | - | - |

*ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല.

ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിച്ച് മാർഗ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 03/06.01.2026) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-28 ജലജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് ഗുണഭോക്തൃവിഹിതമായി നാളിതു വരെ തുക കൈമാറിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃവിഹിത ഇനത്തിൽ 2020-21, 2021-22 വർഷത്തിൽ യഥാക്രമം 19,27,159/- രൂപ, 6,14,460/- രൂപ എന്നിങ്ങനെ ആകെ 25,41,619/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിക്കായി 2021-22ൽ 2,69,94,500/- രൂപ

വകയിരിത്തിയിരുന്ന ഗുണഭോക്തൃ വിഹിതം അടവാക്കിയ വ്യക്തികൾക്ക് തന്നെയാണോ കണക്ഷൻ നൽകിയിട്ടുണ്ടെന്ന അറിയിപ്പ് കേരള വാട്ടർ അതോറിട്ടിയിൽ നിന്നും ലഭിക്കാത്തതിനാൽ തുകയൊന്നും തന്നെ നാളിതു വരെ വാട്ടർ അതോറിട്ടിക്ക് കൈമാറിയിട്ടില്ല.

(അവലംബം — ഓഡിറ്റ് അന്വേഷണം - 02/06.01.26 ന്റെ മറുപടി)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(i) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 2,000/- രൂപയുടെ നഷ്ടം

താഴെ പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ : 400217/BRLO1/General/2025/1471

അപേക്ഷ തീയതി : 15.3.2025

| അപേക്ഷകന്റെ പേര്,<br>കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കേണ്ടിയിരുന്ന അപേക്ഷ ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| നസീർ.എം.ആർ.<br>1386.10 $M^2$ | ₹2,000/- | (ആപ്ലിക്കേഷൻ ഫീസ്<br>ലെഡ്ജറിൽ വരവ് വന്നിട്ടില്ല. രസീത് പകർപ്പ് ഫയലിലും ലഭ്യമല്ല.) | ₹2,000/- |

അപേക്ഷാ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് 9.1.2025ലെ 2-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

### 2-2 ക്രമവൽക്കരണഫയലുകളുടെ പരിശോധന - കോംപൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 4,571/- രൂപയുടെ നഷ്ടം

താഴെ പറയുന്ന ബിൽഡിംഗ് റഗുലറൈസേഷൻ ഫയൽ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ - 400217/BRRL01/General/2024/6010

| അപേക്ഷകന്റെ പേര്,<br>കെട്ടിടത്തിന്റെ വിനിയോഗഗണം<br>കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കേണ്ടിയിരുന്ന<br>കോംപൗണ്ടിംഗ് ഫീസ് (പെർമിറ്റ് ഫീസിന്റെ ഇരട്ടി ) | ഈടാക്കിയ ഫീസ്, രസീത് നമ്പർ | കുറവ് |
|---|---|---|---|
| ഹരിദാസൻ<br>വിനിയോഗഗണം - ഗാർഹികം<br>നിലവിലുള്ള വിസ്തീർണം -97.86$m^2$<br>ക്രമവൽക്കരിക്കേണ്ട അധികവിസ്തീർണം | 91.43$m^2$ @ 100/$M^2$ = 9,143/-<br>(കെട്ടിടത്തിന് 150 $M^2$ ന് മുകളിൽ വിസ്തീർണം ഉള്ളതിനാൽ പെർമിറ്റ് ഫീസ് 50 രൂപ/ $M^2$ ആണ്) | ₹4,572/-<br>1240102278/10.12.2024 | ₹4571/- |

| | | | |
|---|---|---|---|
| $-91.43m^2$ | | | |

കോംപൗണ്ടിംഗ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് 16.1.2025ലെ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. കോംപൗണ്ടിംഗ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**2-3 പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് 2,500/- രൂപയുടെ നഷ്ടം**

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ് 27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുകയും, ആയത് രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ആർ. വി. ഹോസ്പിറ്റൽ പുളിമൂട് എന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ ചുവടെ നൽകുന്നു.

| പേര് | അർദ്ധ വാർഷിക വരുമാനം (രൂ.) | അടയ്ക്കേണ്ട തുക (രൂ.) | അടച്ച തുക (രൂ.) | വ്യത്യാസം (രൂ.) |
|---|---|---|---|---|
| ജിഷ കെ. എസ്. | 65,496 | 750 | 600 | 150 |
| മഞ്ജു എം. എസ്. | 65,496 | 750 | 600 | 150 |
| നീതു | 65,496 | 750 | 600 | 150 |
| ഗ്രീഷ്മ | 65,496 | 750 | 600 | 150 |
| രാഖി ബി. | 65,490 | 750 | 600 | 150 |
| അംബിക | 59,496 | 750 | 450 | 300 |
| സീത | 59,496 | 750 | 450 | 300 |
| രാജേശ്വരി | 59,496 | 750 | 450 | 300 |
| സിന്ധു എച്ച്. | 59,496 | 750 | 450 | 300 |
| ഉമ | 59,496 | 750 | 450 | 300 |
| രാജലക്ഷ്മി | 59,496 | 750 | 450 | 300 |
| ആകെ അടവാക്കാനുള്ള തുക | | | | 2,500/- |

അടവാക്കാനുള്ള തുക പിഴപ്പലിശ സഹിതം 2025-26 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയോടൊപ്പം വാങ്ങുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 29/16.01.2026 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത തുക പലിശ അടക്കം ഈടാക്കി പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടം നികത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 മെഡിസെപ്പ്**

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 90,000/- | 90,000/- | 0 | - |

*31-3-2024 മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുടേത് മാത്രം.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 12/04/2024 | 1,000 | 1,000 | 0 | - |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 മുതൽ 31-07-2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| - | - | - | - | - |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| - | - | - | - | - | - |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് (രൂ) | തൻ വർഷം ലഭിച്ച തുക (രൂ) | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ) | നീക്കിയിരിപ്പ് (രൂ) |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 0 | 4,26,340 | കേദാരം സമഗ്രകൃഷി വികസനം. 192/25 | 4,26,340 | 0 |
| | | 0 | 6,66,589 | കേദാരം സമഗ്ര നെൽകൃഷി വികസനം, 82/25 | 6,66,589 | 0 |
| | | 0 | 4,27,500 | സ്നേഹസ്പർശം, 20/25 | 4,27,500 | 0 |
| | | 0 | 1,00,000 | അനുപൂരക പോഷകാഹാര പദ്ധതി ജനറൽ, 18/25 | 1,00,000 | 0 |
| | | 0 | 14,00,000 | ലൈഫ് പട്ടികജാതി, 26/25 | 14,00,000 | 0 |
| | | 0 | 4,40,000 | എസ്.സി അഡീഷണൽ ലിസ്റ്റിൽപ്പെട്ടവർക്ക് ഭവനനിർമ്മാണം, 217 | 4,40,000 | 0 |
| | | 0 | 2,19,108 | പാലിന് സബ്സിഡി ജനറൽ,87/25 | 2,19,108 | 0 |
| | | 0 | 2,26,482 | പാലിന് സബ്സിഡി ജനറൽ,184/25 | 2,26,482 | 0 |
| | | 0 | 48,510 | അതിദരിദ്ര നിർമ്മാർജ്ജനം- ഭക്ഷണം എത്തിക്കൽ, 249/25 | 48,510 | 0 |
| | | 32,20,315 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 32,20,315 |
| ആകെ | | 32,20,315 | 39,54,529 | | 39,54,529 | 32,20,315 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 0 | 35,000 | ഹരിത ഭവനം,229/25 | 35,000 | 0 |
| | | 0 | 70,000 | ഹരിത ഭവനം, 79/25 | 70,000 | 0 |
| | | 0 | 3,56,334 | കേദാരം സമഗ്ര നെൽകൃഷി വികസനം. 192/25 | 3,56,334 | 0 |
| | | 0 | 6,61,899 | കേദാരം സമഗ്ര നെൽകൃഷി വികസനം, 82/25 | 6,61,899 | 0 |
| | | 0 | 4,27,500 | സ്നേഹസ്പർശം, 20/25 | 4,27,500 | 0 |
| | | 0 | 2,10,000 | പാലിന് സബ്സിഡി ജനറൽ,87/25 | 2,10,000 | 0 |
| | | 15,42,720 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 15,42,720 |
| ആകെ | | 15,42,720 | 17,60,733 | | 17,60,733 | 15,42,720 |
| മുൻസിപ്പൽ കോർപ്പറേഷൻ | 2024-25 | 1,75,62,000 | 0 | OHSR വിപുലീകരണവും നിർമ്മാണവും, 230/25 | 1,75,62,000 | 0 |
| ആകെ | | 1,75,62,000 | 0 | | 1,75,62,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

| | മുൻ ബാക്കി (രൂ) | 2024-25 | | | | |
|---|---|---|---|---|---|---|
| | | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (രൂ) | ആകെ തുക (രൂ) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂ) | വാർഷിക കണക്ക പ്രകാരം ബാക്കി തുക (രൂ) |
| കേരള വാട്ടർ അതോറിറ്റി | 33,55,217 | 230/25, OHSR വിപുലീകരണവും നിർമ്മാണവും | *1,75,62,000 | 2,09,17,217 | - | 2,09,17,217 |
| കെ.എസ്.ഇ.ബി | 32,15,239 | 13/25, പോസ്റ്റ് റീഅറേഞ്ച്മെന്റ് | *1,59,151 | 33,74,390 | -<br>- | 33,74,390 |
| ഭൂജല വകുപ്പ് | 2,04,500 | - | - | 2,04,500 | - | 2,04,500 |

*230/25, OHSR വിപുലീകരണവും നിർമ്മാണവും, 13/25, പോസ്റ്റ് റീഅറേഞ്ച്മെന്റ് എന്നീ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അപാകം യഥാക്രമം ഖണ്ഡിക 1-22, 1-24 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ) | തൻവർഷം ലഭിച്ച തുക (രൂ) (RP -31 പ്രകാരം) | ആകെ (രൂ) | തൻവർഷം തിരിച്ചടച്ച തുക (രൂ) (സ്വലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ) (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 1,84,01,267 | 1,46,40,000 | 3,30,41,267 | 31,21,358 | 2,99,19,909 |

## 4-6 സ്ഥിര നിക്ഷേപം

*ഖണ്ഡിക 1-1-5 കാണുക

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.2 | സ്കൂൾ കെട്ടിടത്തിലേക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ചു. | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.6 | ഉച്ചഭക്ഷണ വിതരണം – അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.7 | സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല. | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.9 | കളിസ്ഥലങ്ങൾ- വിദ്യാഭ്യാസ ചട്ടങ്ങൾ | വിശദാംശങ്ങൾ ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| | | | | പാലിക്കപ്പെട്ടിട്ടില്ല. | |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.11 | സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.16 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | 5.2.4.18 | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ ശിക്ഷാ അഭിയാനും | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | വിശദാംശങ്ങൾ ലഭ്യമല്ല. |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂ) | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയ്യതി |
|---|---|---|---|---|---|
| 1 | 2016-17 | 3-6 | 5,484/- | വിജയകുമാർ എൻ., സെക്രട്ടറി | 1240101294/5-8-2024 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | ₹ | 5,00,75,993/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 11,56,26,287/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 13,34,83,228/- |
| നീക്കിയിരിപ്പ് | ₹ | 3,22,19,052/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 9,071/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1,86,57,300/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂ.) | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 2,000/- | - | എസ്. ഷാനികുമാർ, സെക്രട്ടറി |
| 2-2 | 4,571/- | - | ലെനിൻ എൽ, സെക്രട്ടറി |
| 2-3 | 2,500/- | - | എസ്. ഷാനികുമാർ, സെക്രട്ടറി |
| ആകെ | 9,071/- | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ.) | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-17 | 8,200/- | ശ്രീരേഖ ബി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 3,650/- | ശ്രീരേഖ ബി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| | | |

| | | | |
|---|---|---|---|
| 1-21 | 26,072/- | | ഹാറൂൺ ഐ., കൃഷി ഓഫീസർ |
| 1-22 | 1,75,62,000/- | | ലെനിൻ എൽ, സെക്രട്ടറി |
| 1-23 | 8,98,227/- | | എസ്. ഷാനികുമാർ, സെക്രട്ടറി |
| 1-24 | 1,59,151/- | 61,471/- | ലെനിൻ എൽ, സെക്രട്ടറി |
| | | 97,680/- | എസ്. ഷാനികുമാർ, സെക്രട്ടറി |
| ആകെ | 1,86,57,300/- | | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലെനിൻ എൽ,<br>സെക്രട്ടറി | വിരമിച്ചു | പുത്തൻവീട്,<br>കഠിനംകുളം<br>പുതുക്കുറിച്ചി പി.ഒ.<br>പിൻ-695303 |
| ഷാനികമാർ എസ്,<br>സെക്രട്ടറി | വിരമിച്ചു | ശ്രീകൃഷ്ണാസ്,<br>കാട്ടുകുളം<br>ചിറയിൻകീഴ് പി.ഒ. |
| ശ്രീരേഖ ബി. എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>വിളയൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട് | ശ്രീലകം,<br>എസ്.പി.ആർ.എ. 47,<br>നിയർ ടെക്നോ പാർക്ക്,<br>കഴക്കൂട്ടം പി.ഒ. |
| ഹാറൂൺ ഐ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, വലിയ തുറ | നസീൻ വില്ല,<br>റ്റി.ബി. ജംഗ്ഷൻ,<br>ആറ്റിങ്ങൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി12/11947/2022 / 04/10/22 | 3 |
| 2009-10 & 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1947/2022 / 04/10/22 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1947/2022 / 04/10/22 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1947/2022 / 04/10/22 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി-8/2191/2018 / 24/10/18 | 35 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി-8/1748/2019 / 11/10/19 | 36 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/4/ജിപി-8/2022 / 03/03/2022 | 39 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി-8/1079/2023 / 30/6/22 | 31 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി12/200/2023 / 18/3/23 | 26 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജിപി-12/1323/2022 / 16/10/23 | 29 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജിപി-12/1776/2024 / 26/03/2025 | 51 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 12-06-2025 and submitted on 25-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kizhuvilam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kizhuvilam Grama Panchayat as on 31-03-2025

Date: 09/02/2026 Deputy Director

Kerala State Audit Department

# Audit Report appended to the Audit Certificate of Kizhuvilam Grama Panchayat for the Year 2024-2025.

## 1.Major Observations

Nil

## 2.Other Observations

1. The Annual Ratios prescribed under Rule 62(2)(f) of the Kerala Panchayat Raj (Accounts) Rules, 2011 and the Notes to Accounts required under Rule 62(2)(f) were not prepared and submitted along with the Annual Financial Statements.

2. The B-1 Schedule, showing the adjusted operational results for the year, was not submitted along with the annual accounts.

3. As per Rule 17(2) of the Kerala Panchayat Raj (Accounts) Rules, monthly demand entries for each item of revenue requiring accrual shall be recorded through journal entries. However, monthly demand entries were not recorded for Property Tax and Profession Tax, and entries were made only at the end of the financial year 2024-25.

4. As per Rule 58(4)(a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock shall be conducted at the end of every year. Though an amount of Rs.24,980/- is shown as stock-in-hand under B-14 of the Annual Financial Statements, the said amount represents the closing balance carried forward from the financial year 2020-21 onwards.

5. An amount of Rs.10,000/- is shown under the Investment head (Head Code 420800199) in the B-12 schedule of the Annual Financial Statements. Records in support of this investment were not produced for audit.

6. The closing balance of the CFC fund as per the B-4 schedule of the Annual Financial Statements does not tally with the closing balance as per the Bank Book (B-17).

| Grant | Balance as per B-4 Schedule (2024-25) | Balance as per Bank Book (B-17) |
|---|---|---|
| CFC (Tied + Basic Tax Grant) | Rs.1,48,05,508/- | Rs.1,20,84,900/- |

7. Due to an error in accounting prior period items, the Gross Surplus has been incorrectly reflected. In the Income and Expenditure Statement abstract, the net difference of prior period income and expenditure amounting to (Rs.(-)49,010/-) was shown as Rs.49,010/-, resulting in an excess reflection of gross surplus by Rs.98,020/-.

8. Though separate heads are provided under the B-3 schedule of the Balance Sheet for recording capital contributions relating to Development Fund, Finance Commission Grant, Maintenance Grant, etc., the amounts received under these heads have been recorded under the general head-Capital Contribution (Head Code 312109901).

9. Certain bank accounts included in ILGMS were not incorporated in the Annual Financial Statements. details are given below,

| bank | Ac. No. | balance |
|---|---|---|
| CANARA BANK | Not available | 0 |
| CANARA BANK | 110042601803 | 0 |

10. The Advance Register is not properly maintained, resulting in lack of clarity regarding timely adjustment of advances given.

11. Registers such as the Licence Register and Rent Register do not contain a certified abstract of demand, collection, and balance figures validating the Annual Financial Statements.

12. The social security pension expenditure figures shown in the Expenditure Statement do not tally with the respective amounts shown under Head I-6 in the Annual Financial Statements.

| Item | Amount as per AFS (Rs.) | Amount as per statement (Rs.) |
|---|---|---|
| National Old Age Pension Scheme | 5,34,37,200 | 5,35,03,700 |
| National Widow Pension Scheme | 2,75,39,800 | 2,78,90,800 |
| National Disability Pension Scheme | 65,69,800 | 65,71,600 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്